LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഥലം ലഭ്യമാക്കുന്ന വിഷയത്തിൽ പൊതുമരാമത്ത്/ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ?

കോട്ടക്കൽ, വളാഞ്ചേരി സബ്ട്രഷറികൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. വളാഞ്ചേരി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതുമായ 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന് വിട്ടുനൽകുന്നത് സംബന്ധിച്ച ശിപാർശ ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. കോട്ടക്കൽ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഇതുവരെ സ്ഥലമൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ട്രഷറി ഡയറക്ടറേറ്റിലെ മുഴുവൻ ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ?

പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ

116 (1846) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്ത ജീവനക്കാർ പ്രൊമോഷനിലൂടെ അക്കൗണ്ടന്റ് തസ്തികയിൽ എത്തി വിരമിക്കുമ്പോൾ വരുന്ന ഒഴിവുകളിൽ ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നുതന്നെ പ്രൊമോഷൻ നൽകി നിയമിക്കാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

വ്യവസ്ഥയുണ്ട്. തസ്തികമാറ്റ നിയമനം സംബന്ധിച്ച വ്യവസ്ഥകൾ 3-1-2014-ലെ സ.ഉ.(പി)നമ്പർ 1/14/ഉ.ഭ.പ.വ., 19-7-2014-ലെ സ.ഉ.(പി)നമ്പർ 21/14/ഉ.ഭ.പ.വ., 27-01-2017-ലെ സ.ക.നമ്പർ റൂൾസ് 2-10-17 ഉ.ഭ.പ.വ. എന്നീ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിൽ ജൂനിയർ അക്കൗണ്ടന്റ്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10% അതതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്നവിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റംവഴി ജൂനിയർ അക്കൗണ്ടന്റ് (എൽ.ഡി.ക്ലാർക്ക്)/ എൽ.ഡി ടൈപ്പിസ്റ്റ് ആയി നിയമനം നൽകേണ്ടതാണെന്നും ആയതിലേയ്ക്കായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ അക്കൗണ്ടന്റ്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലുണ്ടാകുന്ന ആദ്യ ഒഴിവ് തസ്തിക മാറ്റം വഴിയുള്ള വകുപ്പുതല നിയമനത്തിനായി മാറ്റിവയ്ക്കുകയും തുടർന്ന് ജൂനിയർ അക്കൗണ്ടന്റ്(എൽ.ഡി. ക്ലാർക്ക്)/എൽ.ഡി. ടൈപ്പിസ്റ്റ് കേഡർ സ്ട്രെങ്തിന്റെ 10% ഇപ്രകാരമുള്ള തസ്തികമാറ്റം നിയമനം എത്തിച്ചേരുന്നതുവരെ ഈ പ്രക്രിയ തുടരണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം തസ്തികമാറ്റ നിയമനം ജൂനിയർ അക്കൗണ്ടന്റ്(എൽ.ഡി ക്ലാർക്ക്)/എൽ.ഡി ടൈപ്പിസ്റ്റ് കേഡർ സ്ട്രെങ്തിന്റെ 10 ശതമാനത്തിൽ എത്തിച്ചേർന്നതിനുശേഷം തസ്തികമാറ്റം നൽകിയ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ തസ്തികമാറ്റ നിയമനം മുഖേന നികത്തേണ്ടതാണെന്നും 27-1-2017 തീയതിയിലെ സ.ക.നമ്പർ റൂൾസ് 2-10-2017 ഉ.ഭ.പ.വ. ഉത്തരവ് മുഖേന വ്യക്തമാക്കിയിരുന്നു.

(ബി) അപ്രകാരം വ്യവസ്ഥയുണ്ടെങ്കിൽ അത് പാലിക്കപ്പെടുന്നുണ്ടോ;

&

(സി) ഇല്ലെങ്കിൽ പ്രസ്തുത വ്യവസ്ഥ പാലിക്കാൻ നടപടി സ്വീകരിക്കുമോ?

പാലിക്കപ്പെടുന്നുണ്ട്.

എസ്.റ്റി.എസ്.ബി. അക്കൗണ്ടുകൾ

117 (1847) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ചെലവാകാത്ത സർക്കാർ ഫണ്ടുകളും ഗ്രാന്റുകളും എന്ന ഇനത്തിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്. റ്റി.എസ്.ബി.) അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത തുക എത്രയാണ്; ഇതിൽ എത്ര തുക തിരിച്ചെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ?

2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ചെലവാകാത്ത സർക്കാർ ഫണ്ടുകളും ഗ്രാന്റുകളും എന്ന ഇനത്തിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്.റ്റി.എസ്.ബി.) അക്കൗണ്ടുകളിലേക്ക് ഫണ്ട് ട്രാൻസ്ഫർ നടത്തിയിട്ടില്ല. 2017-18 മുതൽ എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽനിന്നും സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്ക് സാമ്പത്തികവർഷാവസാനം മാറ്റിയ തുകകൾ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു: